**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 303** **03-03-2023 - ൽ മറുപടിയ്ക്ക്**

**എടയന്നൂർ ഷുഹൈബ് വധക്കേസിന്റെ അന്വേഷണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ യുവജന ഘടകം മട്ടന്നൂർ ബ്ലോക്ക് പ്രസിഡന്റായിരുന്ന എടയന്നൂർ ഷുഹൈബ് വധക്കേസിൽ ഏതെങ്കിലും പാർട്ടിക്ക് പങ്കുണ്ടെന്ന് കേസിലെ ഒന്നാം പ്രതി വെളിപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കൊലപാതകത്തിന് ഉത്തരവാദികളായവർ പാർട്ടിക്ക് അകത്തുണ്ടെന്ന ഒന്നാം പ്രതിയുടെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത കേസിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ? | (സി) | മട്ടന്നൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 202/2018 പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിൽ അന്വേഷണം നടത്തി 17 പ്രതികളെ അറസ്റ്റ് ചെയ്തിരുന്നു. ഈ കേസിന്റെ അന്വേഷണത്തിനായി ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിക്കുകയും അന്വേഷണ മേൽനോട്ടത്തിന് കണ്ണൂർ ജില്ലാ പോലീസ് മേധാവിയെ ചുമതലപ്പെടുത്തുകയുമുണ്ടായി. 1 മുതൽ 11 വരെയുള്ള പ്രതികൾക്കെതിരെയുള്ള അന്വേഷണം പൂർത്തിയാക്കി 14.05.2018- ൽ കുറ്റപത്രം സമർപ്പിച്ചു. SC 596/2018 പ്രകാരം ബഹു. കോടതി കുറ്റപത്രം സ്വീകരിച്ചിട്ടുണ്ട്.<br><br>12 മുതൽ 17 വരെയുള്ള പ്രതികൾക്കെതിരെയുള്ള അന്വേഷണം പൂർത്തിയാക്കി 21.01.2019-ൽ കുറ്റപത്രം സമർപ്പിക്കുകയും SC 385/2019 പ്രകാരം ബഹു. കോടതി കുറ്റപത്രം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കേസിന്റെ വിചാരണ നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ